## File No.LSGD-DD1/170/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 12.08.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഐ.എ.വൈ. ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽ മിച്ചമുള്ളതിൽ നിന്ന് പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് വിഹിതം നൽകുന്നതിന് ഉപയോഗിച്ച ശേഷം മിച്ചമുള്ള തുക ഉപയോഗിച്ച് ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങാൻ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1689/2020/ത.സ്വ.ഭ.വ** തീയതി.തിരുവനന്തപുരം. 18/09/2020

പരാമർശം:- 1 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2020-ലെ സി/848/2020 നമ്പർ കത്ത്.

2 12.08.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 4.2 നമ്പർ തീരുമാനം.

**ഉത്തരവ്**

ഐ.എ.വൈ. ഭവന പദ്ധതിയ്ക്കായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ നല്കിയ അധിക വിഹിതത്തിൽ ചെലവഴിക്കാത്ത അക്കൗണ്ടിൽ കിടക്കുന്ന തുകയിൽ നിന്നും 2,30,00,000/- രൂപ വിനിയോഗിച്ച് ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട 110 ഗുണഭോക്താക്കൾക്ക് (ജനറൽ വിഭാഗം-70, എസ്.സി. വിഭാഗം-40) ഭൂമി വാങ്ങുന്നതിനായി ധനസഹായം നല്കുന്ന പദ്ധതിയ്ക്ക് അനുമതി നല്കണമെന്ന ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ 12.08.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും ഐ.എ.വൈ. ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽ മിച്ചമുള്ളതിൽ നിന്ന് പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് വിഹിതം നൽകുന്നതിന് ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുകയും ഇത്തരം ഗുണഭോക്താക്കൾക്ക് വിഹിതം നൽകിയതിനു ശേഷം മിച്ചമുള്ള തുക ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങാൻ വിനിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഐ.എ.വൈ. ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽ മിച്ചമുള്ളതിൽ നിന്ന് പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് വിഹിതം നൽകുന്നതിന് ഉപയോഗിച്ച ശേഷം മിച്ചമുള്ള തുക ഉപയോഗിച്ച് ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങാൻ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE P N
**അണ്ടർ സെക്രട്ടറി**

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി , ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ )എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ.&പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ.) വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid

Digitally signed by NISAM N
Date: 2020.06.19 12:47:19 IST
Reason: Approved

സെക്ഷൻ ഓഫീസർ